പ്രൊഫസർ സ്കറിയാ സക്കറിയ

മലയാളപഠനസംഘം

മലയാളപഠനം എന്ന സംജ്ഞകൊണ്ട് സമീപകാലംവരെ മനസ്സിലാക്കപ്പെട്ടത് പ്രധാനമായും ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനങ്ങളാണെന്ന് സാമാന്യമായി പറയാം. നിലവിലുള്ള മുഖ്യമായ വിവക്ഷയനുസരിച്ച് സാഹിത്യത്തിന്റെ മണ്ഡലത്തിൽപെടാത്ത വ്യവഹാരങ്ങൾ പാടേ അവഗണിക്കപ്പെട്ടു എന്നുപറയാനാവില്ലെങ്കിലും പഠനത്തിന്റെ കേന്ദ്രം, ഭാഷയും സാഹിത്യവും തന്നെയായിരുന്നു. 'സാഹിത്യേതരം' എന്നു പറയാവുന്ന വ്യവഹാരങ്ങളെ സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾകൊണ്ട് അളക്കാനുള്ള പ്രവണതയും കണ്ടുവന്നിരുന്നു. ആധുനികതയുടെ ലോകവീക്ഷണത്തോടനുബന്ധിച്ച് കേരളത്തിൽ രൂപംകൊണ്ട സർവ്വകലാശാലാ പാഠ്യപദ്ധതിയും സാഹിത്യ ചരിത്രങ്ങളും വിമർശനവും ഗവേഷണവും ഈ കാഴ്ചപ്പാട് ഉറപ്പിക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. ഇങ്ങനെ മലയാളപഠനത്തെ ഭാഷാസാഹിത്യപഠനങ്ങളായി അതിരുതിരിച്ചു വയ്ക്കുന്നതിൽ മാത്രമല്ല, ഭാഷാസാഹിത്യപഠനങ്ങളുടെ സവിശേഷമായ പഠനമേഖലാസ്വഭാവം (Disciplinarity) നിർണയിക്കുന്നതിലും ആധുനികതയുടെ കാഴ്ചപ്പാട് നല്ല പങ്കുവഹിച്ചിട്ടുണ്ട്. സവിശേഷപഠനമേഖലകൾ (Discipline) എന്ന നിലയിൽ അതിരുകൾ ഉളളവയും അവയ്ക്കുളളിലെ നിയമങ്ങൾ കൊണ്ടുതന്നെ മനസ്സിലാക്കാവുന്നവയുമാണ് ഭാഷയും സാഹിത്യവും എന്ന വീക്ഷണം പ്രബലമായിത്തീർന്നു എന്നുപറയാം.

ആധുനികതയുടെ ലോകബോധം ക്രമേണ ശിഥിലമായിത്തുടങ്ങുന്ന സമകാലിക സാഹചര്യത്തിൽ മലയാളപഠനത്തെ സംബന്ധിക്കുന്ന ഈ വീക്ഷണത്തിനും മാറ്റം വരുന്നതു സ്വാഭാവികമാണല്ലോ. ഈ പഠനരീതി അപ്പാടെ തകിടം മറിഞ്ഞുപോയി എന്നു വിചാരിക്കാനാവില്ലെങ്കിലും അതിനു കാര്യമായ ഇളക്കങ്ങൾ തട്ടിത്തുടങ്ങി എന്നതിനു സംശയമില്ല. അത് ഭാഷയ്ക്കും സാഹിത്യത്തിനും പഠനമേഖലാപരമായി മുമ്പുണ്ടായിരുന്ന കണിശതകളെ ചോദ്യം ചെയ്തുകൊണ്ടാണ്; എന്നാൽ പഠനമേഖല എന്ന നിലയിൽ അവയുടെ പ്രസക്തിയെ അംഗീകരിച്ചുകൊണ്ടുമാണ്.

നിലനിന്നുവന്നഭാഷാസാഹിത്യപഠനങ്ങളിൽനിന്നുവ്യത്യസ്തമായി, വാമൊഴിയായും വരമൊഴിയായുമുളള നിരവധി വ്യവഹാരങ്ങൾ പഠനമണ്ഡലത്തിലേക്കു കടന്നുവന്നു. അവയെ അവഗണിച്ചുകൊണ്ട് മലയാളപഠനത്തെക്കുറിച്ച് ഇപ്പോൾ ചിന്തിക്കാനാവില്ല. സാഹിത്യപഠനം തന്നെ ഇതരവ്യവഹാരങ്ങളുമായുള്ള സംവാദത്തിലൂടെയേ ഫലപ്രദമായി നിർവഹിക്കാനാവൂ എന്ന ബോധവും ഇന്ന് വ്യാപകമാണ്. അങ്ങനെ സാഹിത്യപഠനത്തിന് മുമ്പുണ്ടായിരുന്ന അതിരുകൾ ശിഥിലമാവുകയും ചെയ്യുന്നു.

മലയാളപഠനത്തെ സംബന്ധിക്കുന്ന ഈ മാറിയ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ വേണം, ആ മേഖലയിൽ പ്രൊഫസർ സ്കറിയാ സക്കറിയ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ മനസ്സിലാക്കാനെന്നു തോന്നുന്നു.

പ്രൊഫസർ സ്കറിയാ സക്കറിയയുടെ പ്രവർത്തനമണ്ഡലം പ്രധാനമായും അധ്യാപനം, ഗവേഷണം, ഗ്രന്ഥ/പ്രബന്ധരചന, സംഘാടനം എന്നിവയാണെന്നുപറയാം. ഇവ പരസ്പരം ബന്ധമില്ലാത്ത മേഖലകളല്ലല്ലോ. ഇവയുടെ പരസ്പരബന്ധത്തിലൂടെയാണ് ഈ ഓരോ മേഖലയിലുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ജീവസ്സുറ്റതാകുന്നത്.

സ്കറിയാ സക്കറിയയ്ക്കു താല്പര്യമുള്ളവയും അദ്ദേഹം ഗവേഷണപഠനങ്ങൾ നടത്തിയിട്ടുള്ളവയുമായ വിഷയങ്ങളുടെ വൈപുല്യംതന്നെ, മലയാളപഠനത്തെ സംബന്ധിച്ച് മാറിവരുന്ന കാഴ്ചപ്പാടുകളോട് അദ്ദേഹം പുലർത്തുന്ന വിധ്യാത്മക സമീപനത്തിനു തെളിവാണ്. ഭാഷാശാസ്ത്രം, വ്യാകരണം, മലയാളസാഹിത്യം, സംസ്കാരപഠനം, ഫോക്ലോർ, വാമൊഴിചരിത്രം, ജനപ്രിയസംസ്കാരം, സമുദായചരിത്രം, പ്രാദേശികചരിത്രം, ബൈബിൾ, കേരളീയ താരതമ്യമത വിജ്ഞാനീയം, തർജമപഠനം, സാഹിത്യചരിത്രവിജ്ഞാനം, സാഹിത്യസിദ്ധാന്തം, താരതമ്യ സാഹിത്യം, ഗവേഷണരീതിശാസ്ത്രം മുതലായ മേഖലകളിൽ അദ്ദേഹം പഠനഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ വിവിധ വിജ്ഞാനശാഖകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള അന്തർവിജ്ഞാനപരമായ സമീപനമാണ് അദ്ദേഹത്തിന്റെ പഠനങ്ങളുടെ സ്വഭാവം. ഈ മട്ടിൽ വിജ്ഞാനശാഖകളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള പഠനമേ കൂടുതൽ ഫലപ്രദമാകൂ എന്നത് സമകാലികമായ തിരിച്ചറിവാണ്.

അധ്യാപനം

1969-ൽ ചങ്ങനാശ്ശേരി സെന്റ് ബർക്ക്മെൻസ് കോളേജിൽനിന്ന് മലയാളഭാഷയും സാഹിത്യവും ഐച്ഛികമായെടുത്ത് എം.എ. ജയിച്ച സ്കറിയാ സക്കറിയ ആ വർഷംതന്നെ, അതേ കോളേജിൽ അധ്യാപകനായിചേർന്നു. 25വർഷംഅവിടെ ബിരുദ-ബിരുദാനന്തരവകുപ്പുകളിൽ പഠിപ്പിച്ചശേഷം 1994 -ൽ ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ റീഡറായി ജോലിയിൽ പ്രവേശിച്ചു. 1997 മുതൽ 2007 ൽ വിരമിക്കുന്നതുവരെ സംസ്കൃതസർവകലാശാലയിലെ മലയാളം പ്രൊഫസറും വകുപ്പദ്ധ്യക്ഷനുമായിരുന്നു. അങ്ങനെ 38 വർഷം നീണ്ടതാണ് അദ്ദേഹത്തിന്റെ ഔപചാരികമായ അധ്യാപനകാലഘട്ടം. സുദീർഘമായ ഈ കാലയളവിൽ സംസ്കൃതസർവകലാശാലയിലെ അക്കാദമിക് കൗൺസിലിലും സംസ്കൃത സർവകലാശാലയിലെയും കേരള, കോഴിക്കോട്, മധുരൈ കാമരാജ്, പോണ്ടിച്ചേരി, ദ്രവീഡിയൻ സർവകലാശാലകളിലെയും ബോർഡ് ഓഫ് സ്റ്റഡീസിലും അംഗമായി അദ്ദേഹം നിർവഹിച്ച നേതൃത്വപരമായ പങ്ക് എടുത്തുപറയേണ്ടതാണ്. യു.ജി.സിയുടെ വിവിധ പരീക്ഷാസമിതികളിലും അദ്ദേഹം അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കൃതസർവകലാശാലയിലെ

സിലബസ് പരിഷ്കരണത്തിനു നേതൃത്വം കൊടുത്തുകൊണ്ട് ഒട്ടേറെ പുതിയ വിഷയങ്ങൾ എം. എ. തലത്തിൽ മലയാളപാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ അദ്ദേഹം മുൻകൈയെടുത്തു. സമകാലികസംസ്കാരപഠനം, സാഹിത്യചരിത്രവിജ്ഞാനീയം, മാധ്യമപഠനം, ജനപ്രിയസംസ്കാര പഠനം, ആധുനികാനന്തരസാഹിത്യസിദ്ധാന്തങ്ങൾ, രംഗകലാചരിത്രം തുടങ്ങി അനേകംവിഷയങ്ങൾ ഐച്ഛികമായി നിർദ്ദേശിച്ചുകൊണ്ടും മലയാള പഠനപദ്ധതിയിൽ പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വിഷയങ്ങളെല്ലാം നിർബന്ധിത പേപ്പറുകളായി നിജപ്പെടുത്തിക്കൊണ്ടും രൂപപ്പെടുത്തിയ ആ സിലബസ് കേരളത്തിൽ പൊതുവേ ശ്രദ്ധിക്കപ്പെട്ടു. ക്രെഡിറ്റ്-സെമസ്റ്റർ സമ്പ്രദായം, ഇന്റേണൽ അസസ്മെന്റ്, സെമിനാർ അവതരണം, പ്രോജക്ട്വർക്ക് എന്നിവ മലയാള പഠനത്തിന്റെ ഭാഗമാക്കാനും അദ്ദേഹം മുൻകൈയെടുത്തു. പഠനവിഷയം എന്ന നിലയിൽ മലയാളത്തിന്റെ അടിസ്ഥാനവിജ്ഞാനം ആർജിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാതെ പുതിയ മേഖലകളിലേക്ക് പഠനം വ്യാപിപ്പിക്കാനും അതുവഴി പഠനത്തെ ഉജ്ജീവകമാക്കാനുമുള്ള ശ്രമമായി ഈ പരിഷ്കരണങ്ങളെ കാണാം. സിലബസ് പരിഷ്കരണയത്നങ്ങളിൽ മാത്രമല്ല മറ്റ് അക്കാദമിക് പ്രവർത്തനങ്ങളിലും സഹപ്രവർത്തകരുടെ അഭിപ്രായങ്ങൾ ആദരിക്കാനും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അദ്ദേഹം നിരന്തരം ശ്രദ്ധിക്കാറുണ്ട്. എം. ഫിൽ - പിഎച്ച്. ഡി തലത്തിൽ ഗവേഷണം സജീവമായി നടക്കുന്ന ഒരു സർവ്വകലാശാല വകുപ്പിൽ എം. എ. പഠനം തന്നെ ഗവേഷണോന്മുഖമാക്കേണ്ടതുണ്ടെന്ന തിരിച്ചറിവും ഈ പ്രവർത്തനങ്ങളിൽ നിഴലിച്ചുകാണാം. അക്കാദമികസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നിതാന്തജാഗ്രത പുലർത്തുന്നമനസ്സും അദ്ദേഹത്തിനുണ്ടെന്നത് എടുത്തുപറയണം. സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു വെന്നുതോന്നിയാൽ സമരരംഗത്തിറങ്ങാനും അദ്ദേഹം സംശയിക്കാറില്ല.

ഇത്രയും അക്കാദമിക് മേഖലയിൽ അദ്ദേഹം നിർവഹിച്ച നേതൃത്വപരമായ പങ്കിനെപ്പറ്റി. ഒരധ്യാപകൻ എന്ന നിലയിൽ പ്രൊഫ. സ്കറിയാ സക്കറിയയെ വിദ്യാർത്ഥികൾ എങ്ങനെയാണു കാണുന്നത്? രസിച്ചു പഠിപ്പിക്കുന്നതിലും രസിപ്പിച്ചു പഠിപ്പിക്കുന്നതിലും അദ്ദേഹത്തിനുള്ള വൈഭവത്തെപ്പറ്റി പല തലമുറകളിലുംപെട്ട വിദ്യാർത്ഥികൾ അനുസ്മരിക്കുന്നതു കേൾക്കാനിടയായിട്ടുണ്ട്. ഈ രസിപ്പിക്കൽ വിഷയത്തെ ലഘൂകരിച്ചുകൊണ്ടല്ല, അതിനെ സമകാലികതയിലേക്കും ദൈനംദിനാനുഭവങ്ങളിലേക്കും ഇണക്കിച്ചേർത്തുകൊണ്ടാണ്. ചില വിഷയങ്ങളിൽമാത്രം തറഞ്ഞു നിൽക്കുന്ന അധ്യാപകനല്ല അദ്ദേഹം. ഏതു വിഷയം പഠിപ്പിക്കാനും അദ്ദേഹത്തിനുത്സാഹമാണ്. പരിചയം കുറഞ്ഞ വിഷയങ്ങൾ പഠിച്ചു പഠിപ്പിക്കുന്നതിൽ പ്രത്യേകതാത്പര്യംതന്നെ ഉണ്ടെന്നു തോന്നുന്നു. അധ്യാപനത്തെ അധ്യയനം കൂടിയായി കാണുന്നതുകൊണ്ടാവണം ഇങ്ങനെ താത്പര്യം പുലർത്താൻ സാധിക്കുന്നത്.

ഗവേഷണം

പ്രാചീന മലയാളഗദ്യത്തിന്റെ വ്യാകരണവിശകലനത്തിന് 1992-ൽ കേരള സർവ്വകലാശാലയുടെ ഭാഷാശാസ്ത്രവകുപ്പിൽനിന്ന് സ്കറിയാ സക്കറിയ പി എച്ച്. ഡി ബിരുദം നേടി. ഡോ. എ. പി. ആൻഡ്രൂസ്കുട്ടിയായിരുന്നു ഗവേഷണമാർഗദർശി. ഈ പഠനമേഖല തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഡോ. വി. ഐ. സുബ്രഹ്മണ്യമായിരുന്നു. അതാകട്ടെ അദ്ദേഹത്തിന്റെ തുടർഗവേഷണപ്രവർത്തനങ്ങൾക്കും മാർഗദർശകമായി.

1986-ൽ ബർലിനിൽ നടന്ന ലോകമലയാള സമ്മേളനത്തിൽ പങ്കെടുക്കാൻ സ്കറിയാ സക്കറിയയ്ക്ക് അവസരം ലഭിച്ചത് ഈ മേഖലയിൽ വിപുലമായ ഗവേഷണങ്ങൾ തുടങ്ങി വയ്ക്കാൻ നിമിത്തമായി. ഈ യാത്രയിലാണ് അദ്ദേഹം ജർമനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിയിൽ ഗുണ്ടർട്ടിന്റെ മലയാള ഗ്രന്ഥശേഖരം കണ്ടെത്തിയത്. തുടർന്ന് 1990-91 ലും 1995 ലും അലക്സാണ്ടർ വോൺ ഹംബോൾടു ഫെലോ എന്ന നിലയിലും 1993-ൽ ഡി എ എ ഡി ഫെലോ എന്ന നിലയിലും ട്യൂബിങ്ങൻ സർവ്വകലാശാലയിലെയും, സ്വിറ്റ്സർലണ്ടിലെയും ഹസ്തലിഖിതഗ്രന്ഥാലയങ്ങളിലും ലൈബ്രറികളിലും വിപുലമായ ഗവേഷണങ്ങൾ നടത്തി. ഗുണ്ടർട്ടിന്റെ കൈയെഴുത്തു ശേഖരത്തിൽ നിന്നു കണ്ടെടുത്തു പാഠനിരൂപണം ചെയ്ത് സംശോധനം നടത്തി. *പയ്യന്നൂർപ്പാട്ട്, തച്ചോളിപ്പാട്ടുകൾ, തലശ്ശേരിരേഖകൾ, പഴശ്ശിരേഖകൾ, അഞ്ചടിജ്ഞാനപ്പാന, ഓണപ്പാട്ടുകൾ* എന്നീ ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഇവയിൽ പലതിനെക്കുറിച്ചും കേട്ടുകേൾവിയേ ഉണ്ടായിരുന്നുള്ളൂ മലയാളികൾക്ക്. ട്യൂബിങ്ങൻ സർവകലാശാല മലയാളം കൈയെഴുത്തു ഗ്രന്ഥപരമ്പര (TULMS 199396) എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥങ്ങളുടെ ജനറൽ എഡിറ്റർ സ്കറിയാ സക്കറിയയാണ്. അദ്ദേഹത്തിന്റെ ഗവേഷണപരവും സുദീർഘവുമായ ആമുഖപഠനങ്ങൾ ഓരോ പുസ്തകത്തിനുമുണ്ട്. കൂടാതെ യുവഗവേഷകരെ അദ്ദേഹം പ്രസാധനയത്നത്തിൽ പങ്കാളികളാക്കുകയും അവരെക്കൊണ്ട് പഠനങ്ങൾ എഴുതിക്കുകയും ചെയ്തിട്ടുണ്ട്. ജോസഫ് സ്കറിയ, പി. ആന്റണി, മനോജ് കുറൂർ എന്നിവർ ഈ ഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽ സഹകരിച്ചവരാണ്. സാഹിത്യാസ്വാദകർക്കും ഗവേഷണ കുതുകികൾക്കും ഒരുപോലെ താല്പര്യം ജനിപ്പിക്കുന്ന ഈ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം മലയാള പഠനമേഖലയിൽ പുതിയ ഒരാക്കം നല്കിയിട്ടുണ്ട്.

ഹെർമൻ ഗുണ്ടർട്ടിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പ്രധാനകൃതികളെല്ലാം ഹെർമൻ ഗുണ്ടർട്ട് പരമ്പര (H.G.S. 199093) എന്ന പേരിൽ വിപുലമായ ആമുഖപഠനങ്ങളോടും കുറിപ്പുകളോടും കൂടി പ്രസിദ്ധീകരിച്ചതാണ് എടുത്തുപറയേണ്ട മറ്റൊരു സംഭാവന. ഗ്രന്ഥപരമ്പര ഏകദേശം 6000 പുറം വരും. *നിഘണ്ടു, മലയാളഭാഷാ വ്യാകരണം, ബൈബിൾ,കേരളോല്പത്തിയും മറ്റും, വജ്രസൂചി* എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ട ഗുണ്ടർട്ടിന്റെ ഗ്രന്ഥങ്ങൾ. ഇംഗ്ലീഷിലും ജർമനിയിലും മലയാളത്തിലുമുള്ള ഗുണ്ടർട്ട് ജീവചരിത്രങ്ങളും ഇവയിൽ ഉൾപ്പെടും. ഗുണ്ടർട്ടിന്റെ

ഓരോ ഗ്രന്ഥത്തിനും ഗവേഷണപ്രധാനമായ ആമുഖപഠനങ്ങളുമുണ്ട്. പഴയ ഗ്രന്ഥങ്ങളുടെ ടൈറ്റിൽ പേജുകളും ഗ്രന്ഥഭാഗങ്ങളും താളിയോലപ്പകർപ്പുകളും പുനരവതരിപ്പിച്ചുകൊണ്ടും അവതരിപ്പിക്കുന്ന കൃതിയുമായി ബന്ധമുള്ള ഇതരകൃതികളും രേഖകളും പരിചയപ്പെടുത്തിക്കൊണ്ടുമുള്ള ആ ആമുഖപഠനം ഓരോന്നും വിശദമായ ഗവേഷണത്തിന്റെ മുദ്രവഹിക്കുന്നവയാണ്. ഗുണ്ടർട്ടിനെ സംബന്ധിക്കുന്ന ഈ ഗവേഷണ-പ്രസാധനയത്നങ്ങളിൽ പ്രൊഫ. സ്കറിയായുടെ സഹപ്രവർത്തക നായിരുന്നത് ഡോ. ആൽബ്രെഷ്റ്റ് ഫ്രെൻസ് എന്ന ജർമ്മൻ പണ്ഡിതനാണ്. അവരുടെ യോജിച്ചുള്ള ഗവേഷണപ്രവർത്തനങ്ങൾ മറ്റുവിഷയങ്ങളിലേക്കും വ്യാപിച്ച് തുടരുന്നു. ട്യൂബിങ്ങനിലെ ഗവേഷണത്തിനിടയിലാണ് *ഹുൽമോനിയുടെയും കോരുണയുടെയും കഥ* എന്ന പുസ്തകം സ്കറിയാ സക്കറിയ കണ്ടെടുത്തത്. നോവൽരൂപത്തിൽ മലയാളത്തിലുണ്ടായ പ്രഥമകൃതി എന്ന വിശേഷണത്തോടെ 1989-ൽ അദ്ദേഹം ഈ കൃതി പ്രസിദ്ധീകരിച്ചു; ഒരു വിമർശനാത്മകപഠനം സഹിതം.

അമേരിക്കയിലെ ടെക്സാസ് സർവകലാശാലയിൽ പ്രൊഫസർ റോഡ്നി മോഗിന്റെ ക്ഷണമനുസരിച്ച് മലയാളപാഠപദ്ധതിയുടെ നവീകരണത്തിൽ പങ്കാളിയായതാണ് എടുത്തുപറയേണ്ട മറ്റൊരു പ്രവർത്തനം. ഇത് 1993 -ലായിരുന്നു.

1999 മുതൽ ജൂതരുടെ മലയാളം പെൺപാട്ടുകളെക്കുറിച്ചുള്ള ഒരു അന്തർദേശീയ ഗവേഷണപദ്ധതിക്കു നേതൃത്വം നല്കിവരികയാണു പ്രൊഫ. സ്കറിയാ. ഇതിന്റെ ഭാഗമായി പലവട്ടം ഇസ്രയേൽ സന്ദർശിച്ച് അവിടേക്കു കുടിയേറിയ മലയാളി ജൂതസ്ത്രീകളുമായി ആശയവിനിമയം നടത്തി. 2000, 2001, 2002 എന്നീ വർഷങ്ങളിൽ ജറുസലേമിലെ ഹീബ്രു യൂണിവേഴ്സിറ്റിയിലുള്ള ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ഷണിക്കപ്പെട്ട ഗവേഷണ പ്രൊഫസറായി പ്രവർത്തിച്ചു. അമേരിക്കൻ നരവംശശാസ്ത്രജ്ഞയായ ഡോ. ബാർബറ ജോൺസൺ, ഹീബ്രു സർവകലാശാലയിലെ ഭാരതീയപഠനവകുപ്പദ്ധ്യക്ഷൻ ഡോ. ഡേവിഡ് ഷൂൾമാൻ, അതേ സർവകലാശാലയിലെ ഗവേഷക ഓഫീറ ഗംലിയേൽ, അതേ സർവകലാശാലയിലെ വംശീയ സംഗീതാധ്യാപകൻ ഡോ. എഡ്വിൻ സെറൂസി എന്നിവരുടെ പങ്കാളിത്തത്തോടെ ജൂതരുടെ ഇരുന്നൂറോളം പെൺപാട്ടുകൾ വിശകലനം ചെയ്തുവരികയാണിപ്പോൾ. ഇരുപതോളം കൈയെഴുത്തുപ്രതികളും ശബ്ദലേഖനങ്ങളും ഉപയോഗിച്ച്, *കാർകുഴലി-യെഹേഹിയ* എന്ന പേരിൽ മലയാളത്തിലും ഹീബ്രുവിലുമായി ഒരു വലിയ പുസ്തകം 2005 ൽ പ്രസിദ്ധീകരിച്ചു. അമ്പതുപാട്ടുകളുണ്ടിതിൽ. വിപുലമായ ആമുഖപഠനവും വിശദമായ കുറിപ്പുകളും സഹിതമാണ് സ്കറിയാ സക്കറിയ ഇത് പ്രസാധനത്തിനു തയ്യാറാക്കിയത്. ആമുഖം 30 പേജും വ്യാഖ്യാനക്കുറിപ്പുകൾ 76 പേജും വരും. പാട്ടുകളുടെ ഹീബ്രു പരിഭാഷ നിർവഹിച്ചത് ഒഫീറ ഗംലിയേലാണ്. ഈ അൻപതുപാട്ടുകൾതന്നെ ഡോ. ആൽബ്രെഷ്ട് ഫ്രെൻസുമായി സഹകരിച്ച് പിൻവിവർത്തനരീതി അവലംബിച്ച് ജർമൻ ഭാഷയിൽ തർജമചെയ്ത് 2003-ൽ പ്രസിദ്ധീകരിച്ചു. 2005 ൽ ഇംഗ്ലീഷ് തർജമയും പാട്ടുകളുടെ സി.ഡിയും

ജറുസലേമിലെ നാഷനൽ മ്യൂസിക് ആർക്കൈവ്സ് പ്രസിദ്ധീകരിച്ചു.

വിപുലവും വിദേശീയപണ്ഡിതരുമായി സഹകരിച്ചു നടത്തുന്നതുമായ ഈ ഗവേഷണപ്രവർത്തനങ്ങൾക്കിടയ്ക്ക് സർവകലാശാലാ തലത്തിലുള്ള ഗവേഷണത്തിനു നേതൃത്വം നല്കുന്നതിലും അദ്ദേഹം തികഞ്ഞ ജാഗ്രത പുലർത്തുന്നു. എം.ഫിൽ., പിഎച്ച്. ഡി തലങ്ങളിൽ ഗവേഷണരീതിശാസ്ത്രം അദ്ദേഹം പഠിപ്പിക്കുന്നുണ്ട്. അന്തർവിജ്ഞാനപരമായ സമീപനരീതിയുടെ പ്രധാന്യം ഈ ക്ലാസ്സുകളിൽ എടുത്തുപറയുന്നു. പിഎച്ച്. ഡി. തലത്തിൽ ഇരുപത്തഞ്ചോളം ഗവേഷകർക്ക് അദ്ദേഹം മാർഗദർശനം നല്കുന്നു. പത്തോളം പ്രബന്ധങ്ങൾ പൂർത്തിയായി. വൈവിധ്യമുള്ള വിഷയങ്ങളിലാണ് അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾ ഗവേഷണം ചെയ്യുന്നതെന്നത് എടുത്തു പറയണം. അന്വേഷണത്തിലൂടെ പുതിയ വഴികൾ തുറക്കാനുള്ള താത്പര്യവും ധൈര്യവും അദ്ദേഹത്തിനുണ്ട്. തലശ്ശേരി രേഖകളുടെ വ്യവഹാരാപഗ്രഥനം (ഡോ. ജോസഫ് സ്കറിയ), തർജമസിദ്ധാന്തവും പ്രയോഗവും (ഡോ. ജയാ സുകുമാരൻ), ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ (ഡോ. അജു നാരായണൻ), മലബാർ കലാപത്തെക്കുറിച്ചുള്ള പെൺമൊഴികൾ (ഡോ. ഷംഷാദ് ഹുസൈൻ) എന്നിങ്ങനെ ബിരുദാർഹമായ ഗവേഷണവിഷയങ്ങൾ തന്നെ നോക്കുക. ഇവയിൽ ചിലതെങ്കിലും മലയാളപഠനമാണോ എന്നു സംശയിക്കുന്നവരുണ്ടായേക്കും. ഇങ്ങനെ വ്യത്യസ്തതയുള്ള വിഷയങ്ങൾ പലതും അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എം. ഫിൽ തലത്തിലും ഒരു ഡസനിലേറെ പ്രബന്ധങ്ങൾക്ക് അദ്ദേഹം മാർഗദർശനം നല്കിയിട്ടുണ്ട്. എം. എ തലത്തിലുള്ള ലഘുഗവേഷണ പ്രബന്ധങ്ങൾ എത്രയോ ഉണ്ടാവും. ഇവിടെയൊന്നും വിഷയസ്വീകരണത്തിൽ തേഞ്ഞപാതകൾ അദ്ദേഹം പ്രോത്സാഹിപ്പിക്കാറില്ല, നിവൃത്തിയുണ്ടെങ്കിൽ. അന്വേഷണ സാധ്യതയുള്ള പുതിയ വിഷയങ്ങൾക്ക് മാർഗനിദ്ദേശം നല്കാൻ അദ്ദേഹത്തിനു താത്പര്യമേറും.

രചന, പ്രസാധനം

സ്കറിയാ സക്കറിയായുടെ പ്രധാനപ്പെട്ട ചില രചനകളെക്കുറിച്ച് ഗവേഷണസംബന്ധമായ പ്രവർത്തനങ്ങൾ വിവരിച്ചപ്പോൾ പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും ഗവേഷണ സ്വഭാവമുള്ള രചനകൾതന്നെയാണ്. ഗുണ്ടർട്ടിന്റെ ഗ്രന്ഥങ്ങൾക്കും അദ്ദേഹത്തിന്റെ രേഖാശേഖരത്തിലുള്ള ഗ്രന്ഥങ്ങൾക്കും എഴുതിയ പഠനങ്ങൾ ഭാഷാചരിത്ര വിദ്യാർത്ഥികൾക്ക് വിലപ്പെട്ട രേഖകളാണ്. 16 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകളിലെ മലയാളഗദ്യമാണ് സ്കറിയായുടെ വൈദഗ്ദ്ധ്യം തെളിഞ്ഞു പ്രകാശിക്കുന്ന ഒരു മേഖല. ഈ മേഖലയിൽ തുടർന്നു ഗവേഷണംനടത്തുന്ന ആർക്കും അദ്ദേഹത്തിന്റെ രചനകൾ അവഗണിക്കാനാവില്ല. ഈ വിഷയത്തിലുള്ള രചനാസമുച്ചയത്തിൽ ഏറ്റവും പ്രധാനം ഡോ. പി.ജെ. തോമസിന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന ഗ്രന്ഥത്തിന് 'ചർച്ചയും പുരണവും' എന്ന പേരിലെഴുതിയ അനുബന്ധ

മാണ് (1989). 230 പുറങ്ങൾ വരുന്ന ഈ അനുബന്ധം ഒരു സ്വതന്ത്രഗ്രന്ഥം തന്നെയാണ്. ട്യൂബിങ്ങൻ സർവകലാശാലയിലെ ഗവേഷണത്തിൽ കണ്ടെത്തിയ അനേകം രേഖകളുടെ അടിസ്ഥാനത്തിൽ, ഡോ. തോമസിന്റെ പുസ്തകത്തിലെ ഉള്ളടക്കത്തെക്കുറിച്ചു ലഭിച്ചിട്ടുള്ള പുതിയ അറിവുകളും ഉൾക്കാഴ്ചകളും അവതരിപ്പിക്കുന്നതാണ് ഈ പഠനം. 18,19നൂറ്റാണ്ടുകളിലെ നൂറോളം അപൂർവഗ്രന്ഥങ്ങളെക്കുറിച്ച് ആദ്യമായി വിവരം ലഭിക്കുന്നത് ഈ പഠനത്തിലൂടെയാണ്. അവയാകട്ടെ കേരളത്തിന്റെയും മലയാള സാഹിത്യത്തിന്റെയും ആധുനികീകരണത്തെക്കുറിച്ച് പല അറിവുകളും പകരുന്ന ഗ്രന്ഥങ്ങളാണുതാനും.

1976 ൽ പ്രസിദ്ധീകരിച്ച *രണ്ടു പ്രാചീനഗദ്യകൃതികൾ* ആണ് ഡോ. സ്കറിയായുടെ ആദ്യകൃതി. ഉദയംപേരൂർ സൂനഹദോസിലെ കാനോനകളും റോസിന്റെ നിയമാവലിയും എഡിറ്റുചെയ്ത് അവതരിപ്പിക്കുന്ന കൃതിയാണിത്. ഈ മിഷനറിഗ്രന്ഥങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പ്രാധാന്യം വ്യക്തമാക്കുന്ന സുദീർഘമായ അവതാരികയും അടിക്കുറിപ്പുകളും ഗ്രന്ഥത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നു. പിന്നീട് 1995ൽ *ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ* ഗവേഷണമൂല്യമുള്ള സുദീർഘപഠനങ്ങളോടെ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചു. 1982 ൽ സംശോധനം ചെയ്തു പ്രസിദ്ധീകരിച്ച മിലാൻരേഖകളും ഭാഷാചരിത്രപരമായി പ്രാധാന്യമുള്ളതാണ്.

ചങ്ങനാശ്ശേരി 99 എന്ന ഗ്രന്ഥം ചങ്ങനാശ്ശേരിയുടെ പ്രാദേശികചരിത്രമാണ്. രേഖകളും വാമൊഴികളും സമൃദ്ധമായി ഉപയോഗിച്ചു രചിച്ച ഈ പുസ്തകം പ്രാദേശികചരിത്ര രചനാമേഖലയിൽ ശ്രദ്ധേയമായി.

ചെറുകഥാപഠനമാണ് സ്കറിയാ സക്കറിയയുടെ മറ്റൊരു ഇഷ്ടമേഖല. 1986 മുതൽ 1990 വരെ, ഡി. സി. ബുക്സിനുവേണ്ടി, അതാതുവർഷത്തെ ശ്രദ്ധേയമായ ചെറുകഥകൾ തെരഞ്ഞെടുത്ത് വിമർശനാത്മകപഠനത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള ചെറുകഥയെക്കുറിച്ച് 1990 ലും 91 ലും *ഭാഷാപോഷിണി*യിൽ എഴുതിയ ലേഖനങ്ങളും ഈ മണ്ഡലത്തിലുള്ള അദ്ദേഹത്തിന്റെ താത്പര്യത്തിനു തെളിവാണ്. ജനപ്രിയ സാഹിത്യത്തിന്റെ ഘടകങ്ങൾ മുൻനിർത്തി മുട്ടത്തുവർക്കിയുടെ നോവലുകളെ അപഗ്രഥിക്കുന്ന ലേഖനങ്ങളും ശ്രദ്ധാർഹമാണ്.

താരതമ്യപഠനസംഘം വഴി പ്രസിദ്ധീകരിച്ച സമാഹാരഗ്രന്ഥങ്ങളാണ് *തർജമ സിദ്ധാന്തവും പ്രയോഗവും, അഞ്ഞൂറു വർഷത്തെ കേരളം ചില അറിവടയാളങ്ങൾ* എന്നിവ. സംസ്കാരപഠന മേഖലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട *അഞ്ഞൂറു വർഷത്തെ കേരളം* മൂന്നാം പതിപ്പിലാണിപ്പോൾ.

മിഷനറി മലയാളഗദ്യത്തിന്റെ വിവിധവശങ്ങളെക്കുറിച്ചും ഗുണ്ടർട്ടിന്റെ സംഭാവനകളെക്കുറിച്ചുമുള്ള പഠനങ്ങൾ മലയാള പ്രസിദ്ധീകരണങ്ങളിലും ദേശീയവും അന്തർദേശീയവുമായ പ്രസിദ്ധീകരണങ്ങളിലും പ്രകാശിപ്പിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമിയുടെ *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം* എന്ന ബഹുദ്ഗ്രന്ഥപരമ്പരയിൽ (2000) ചേർത്ത 'കുടിയേറ്റവും മലയാള സാഹിത്യവും' എന്ന പ്രബന്ധം വിശദവും

സൂക്ഷ്മവുമായ വിശകലനങ്ങൾ അടങ്ങുന്നതാണ്. നിരന്തരം എഴുതുന്ന ഒരെഴുത്തുകാരനല്ലെങ്കിലും മിഷനറിമലയാളം, തർജമപഠനം, കഥാ സാഹിത്യം, സംസ്കാരപഠനം മുതലായ വിഷയങ്ങളിൽ കാമ്പുറ്റ പഠനങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിക്കുന്നുണ്ട്.

പ്രഭാഷണം

ഇതോടൊപ്പം പറയേണ്ടതാണ് പ്രഭാഷകൻ എന്ന നിലയിൽ സ്കറിയാ സക്കറിയയുടെ പ്രവർത്തനങ്ങളും. ദേശീയവും അന്തർദ്ദേശീയവുമായ നിര വധി സെമിനാറുകളിലും ചർച്ചായോഗ ങ്ങളിലും പ്രബന്ധാവതാരകനും പ്രഭാഷകനുമായി അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. 1993 ൽ അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റിയിൽ സമകാലികമലയാളസാഹിത്യത്തെക്കുറിച്ചു പ്രബന്ധം അവതരിപ്പിച്ചു. 2002 ൽ ജൂതരുടെ നാടോടിസാഹിത്യത്തെക്കുറിച്ച് ഓക്സ്ഫോർഡ് സർവകലാശാലയിൽ പ്രഭാഷണം നടത്തി. ഇസ്രയേലിലെ ഹീബ്രു യൂണിവേഴ്സിറ്റിയിൽ 2002-ലും 2005 ലും ജൂതമലയാളപ്പാട്ടുകളെ ക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. ബർലിനിലെ അന്തർദ്ദേശീയ സാംസ്കാരിക കേന്ദ്രത്തിൽ ഹെർമൻ ഹെസ്സെയുടെ കൃതികൾ മുൻനിർത്തി തർജമ പഠനത്തെക്കുറിച്ചു സംസാരിച്ചു. ജർമനിയിലെ ട്യൂബിങ്ങൻ, ഹൈഡൽബർഗ്, സ്വിറ്റ്സർലണ്ടിലെ ബാസൽ മുതലായ സർവകലാശാലകളിലും ക്ഷണമനു സരിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ ദൽഹി, മദിരാശി, മൈസൂർ, ഗോവ, കുപ്പം തുടങ്ങി പല സർവകലാശാലകളിലും നടന്ന പല സെമിനാറുകളിലും കേരളസംസ്കാര സംബന്ധമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർവകലാശാലകളും വിവിധ കോളേജുകളും അക്കാദമിക് സ്റ്റാഫ് കോളേജുകളും ഏറെ ആവശ്യപ്പെടുന്ന പ്രഭാഷകനും പ്രബന്ധവതാരകനുമാണ് പ്രൊഫ. സ്കറിയാ സക്കറിയ.

ഇങ്ങനെ അക്കാദമിക സ്വഭാവമുള്ള സമ്മേളനങ്ങളിൽ മാത്രമല്ല അദ്ദേഹം പ്രഭാഷണങ്ങൾ നടത്താറുള്ളത്. കേരളത്തിലെ ദൃശ്യശ്രാവ്യമാധ്യ മങ്ങളിലും പൊതുസദസ്സുകളിലും, വിശേഷിച്ച് ക്രൈസ്തവസമൂഹത്തിന്റെ സംവാദമണ്ഡലങ്ങളിലും അദ്ദേഹത്തിന്റെ സാന്നിധ്യം ശ്രദ്ധാർഹമാണ്. താരതമ്യമതവിജ്ഞാനവും ക്രിസ്തുമതപഠനവും അദ്ദേഹത്തിനു താല്പര്യ മുള്ള മേഖലകളാണ്. പശ്ചിമേഷ്യൻ രാഷ്ട്രീയത്തെക്കുറിച്ചുള്ള ആധികാരിക ചർച്ചകൾക്ക് ഡോ. സ്കറിയാ പലപ്പോഴും ക്ഷണിക്കപ്പെടാറുണ്ട്. മതാനുഭവ ത്തെ ചരിത്രപരമായി മനസ്സിലാക്കാനും വിലയിരുത്താനുമുള്ള ശ്രമങ്ങൾ കേരളീയസമൂഹത്തിൽ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഓശാനാ *ബൈബിളിന്റെ* ഭാഷാപരിശോധകനായി പ്രവർത്തിച്ച കാലത്ത് ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനം നടത്താൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. എൻ. വി. കൃഷ്ണവാരിയരുമായി സഹകരിച്ചു പ്രവർത്തിച്ച ആ നാലുവർഷങ്ങൾ (1980-83) തന്റെ അറിവും അഭിരുചിയും ലോകബോധവും ഏറെ പരിണമിച്ച നല്ലൊരു പരിശീലനകാലമായിട്ടാണ് സ്കറിയാ സക്കറിയ കണക്കാക്കുന്നത്.

പിൽക്കാലത്ത് പ്രസിദ്ധീകരിച്ച *ഓറിയന്റലിസത്തിന്റെ മുഷ്ക്കും നസ്രാണികളുടെ പ്രതിരോധവും* (1997) എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ മതപഠനത്തിലെ തിരിച്ചറിവുകൾ ഉൾക്കൊള്ളുന്നു.

സംഘാടനം

നല്ല എഴുത്തുകാരോ നല്ല അധ്യാപകരോ നല്ല പ്രഭാഷകരോ നല്ല സംഘാടകരായിക്കൊള്ളമെന്നില്ല. പ്രൊഫ. സ്കറിയാ സക്കറിയ എല്ലാറ്റിലു പരി നല്ലൊരു സംഘാടകനാണ്. സംസ്കൃത സർവകലാശാലയുടെ മലയാളം വകുപ്പിൽ വ്യത്യസ്താഭിരുചികളുള്ള സഹപ്രവർത്തകരെ ഏകോപിപ്പിച്ച് വിവിധ തലങ്ങളിലുള്ള ഒട്ടേറെ അക്കാദമിക് പ്രവർത്തനങ്ങൾ വിജയകര മായി നടത്തുന്നതിലുള്ള അദ്ദേഹത്തിന്റെ വൈഭവം തിരിച്ചറിയപ്പെട്ടിട്ടുണ്ട്. മറ്റുള്ളവരുടെ കഴിവുകളും കുറവുകളും അദ്ദേഹം കണ്ടെത്തും. കഴിവുകൾ പ്രാവർത്തികമാക്കാനുള്ള അവസരമൊരുക്കി അവയെ ഏകോപിപ്പിച്ചു കൊണ്ടുപോകും. അദ്ദേഹത്തിന്റെ ഗ്രന്ഥപ്രസാധനങ്ങളിലും ഗവേഷണ യത്നങ്ങളിലുമെല്ലാം ഈ സംഘാടനവൈഭവം പ്രവർത്തിക്കുന്നുണ്ട്.

1997 ൽ സംസ്കൃത സർവകലാശാലയിൽ സ്കൂൾ ഓഫ് കൾച്ചറൽ സ്റ്റഡീസ് എന്ന പേരിൽ സംസ്കാരപഠനത്തിനായുള്ള ഒരു വിഭാഗം തുടങ്ങിയപ്പോൾ അതിന്റെ ചുമതല വഹിച്ചത് സ്കറിയാ സക്കറിയയാണ്. അനേകം സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും ആ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു. ചിത്രകല, കഥകളി, മേള ങ്ങൾ,സിനിമ,സിദ്ധാന്തങ്ങൾ മുതലായ വിഷയങ്ങളിൽ നടന്ന സെമിനാറു കളും കോഴ്സുകളും സർവകലാശാല യ്ക്കകത്തും പുറത്തുമുള്ള പണ്ഡിതരും പഠിതാക്കളും പങ്കെടുത്തവയാണ്. സംസ്കാരപഠനമേഖല യിലെ ഈ അനുഭവങ്ങൾ മലയാളപാഠ്യപദ്ധതിയിലും അധ്യാപനത്തിലും ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

1995 ൽ ഡോ. എം.വി. പൈലി അധ്യക്ഷനായി ആരംഭിച്ച താരതമ്യ പഠനസംഘത്തിന്റെ സ്ഥാപക സെക്രട്ടറിയാണദ്ദേഹം. 'താപസം' എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ആ സംഘടനയുടെ സെക്രട്ടറി സ്ഥാനത്ത് അദ്ദേഹം ഇപ്പോഴും തുടരുന്നുവെന്നുമാത്രമല്ല, സംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും നടുനായകമായി പ്രവർത്തിക്കുകയും ചെയ്യുന്നു. അക്കാദമിക് പഠനം തന്നെയാണ് സംഘത്തിന്റെയും പ്രവർത്തനമേഖ കേരളത്തിലെ മുതിർന്ന പണ്ഡിതരെയും യുവഗവേഷകരെയും വാർഷിക സമ്മേളനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കും. രണ്ടു വാർഷികസമ്മേളനങ്ങളിലെ പ്രബന്ധങ്ങൾ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. *അഞ്ഞൂറു വർഷത്തെ കേരളവും, തർജമ : സിദ്ധാന്തവും പ്രയോഗവും.* 2005 മുതൽ താപസം എന്നപേരിൽ കേരളപഠനങ്ങൾക്കായി, ഇംഗ്ലീഷ്-മലയാളം ഭാഷകളിൽ ഒരു ത്രൈമാസികം പ്രസിദ്ധീകരിച്ചു വരുന്നു. അതിന്റെ എഡിറ്ററും സ്കറിയാ തന്നെ. കേരള പഠനരംഗത്തെ ശ്രദ്ധാർഹമായ ഒരാനുകാലികമാണിത്. താപസത്തിന്റെ

ആഭിമുഖ്യത്തിൽ 2006 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന കേരളത്തിലെ ജൂതപാരമ്പര്യത്തെക്കുറിച്ചുള്ള അന്തർദ്ദേശീയ സമ്മേളനത്തിന്റെ മുഖ്യസംഘാടകനായിരുന്നു. ഇസ്രയേൽ, അമേരിക്ക, ജർമനി എന്നിവിടങ്ങളിൽനിന്ന് ഇരുപത്തഞ്ചോളം പണ്ഡിതർ അതിൽ പങ്കെടുത്തു.

വിവിധമേഖലകളിലുള്ള പ്രവർത്തനത്തിന്റെ അംഗീകാരമെന്ന നിലയിൽ പല ബഹുമതികളും ഡോ. സ്കറിയാ സക്കറിയയ്ക്കു ലഭിച്ചിട്ടുണ്ട്. 2005-ൽ ദ്രവീഡിയൻ ലിംഗ്വിസ്റ്റിക് സ് അസോസിയേഷന്റെ വാർഷിക സമ്മേളനത്തിൽ മികച്ച ദ്രാവിഡഭാഷാഗവേഷണഗ്രന്ഥത്തിനുള്ള യശോറാം അവാർഡു ലഭിച്ചു. ഗ്രന്ഥം, ഇസ്രായേലിലെ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ട് (ഹീബ്രു സർവകലാശാല) പ്രസിദ്ധീകരിച്ച *കാർകുഴലി-യെഹേഥിയ*. 2004 -ൽ മികച്ച സർവകലാശാല അധ്യാപകനുള്ള പ്രഥമ പ്രൊഫ. പി. കെ. ബി. നായർ അവാർഡ്. *ചങ്ങനാശ്ശേരി -99* എന്ന ഗ്രന്ഥത്തിന് വിദേശമലയാളികളുടെ സംഘടന അവാർഡ് നല്കി. 1995 ലും 1990-91 ലും അലക്സാണ്ഡർ വോൺ ഹും ബോൾട് ഫെലോഷിപ്പ്, 1990 -ൽ മികച്ച കോളേജ് അധ്യാപകനുള്ള അയാഷേ (AIACHE) അവാർഡ്. 1969 -ൽ കേരള സർവകലാശാലയിൽ നിന്ന് സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി സ്വർണമെഡലും.

പൊതുവേ

പ്രൊഫ. സ്കറിയാ സക്കറിയയുടെ ഈ ബഹുമുഖപ്രവർത്തനങ്ങൾ പൊതുവായി നിരീക്ഷിക്കുമ്പോൾ ചില സംഗതികൾ ശ്രദ്ധയിൽപെടാതിരിക്കില്ല. അധ്യാപകൻ എന്ന നിലയിൽ പുതിയ വിഷയങ്ങളെ തുറന്നമനസ്സോടെ സ്വാഗതം ചെയ്യാനും മനസ്സിലാക്കാനുമുള്ള സന്നദ്ധതയാണ് അവയിലൊന്ന്. പുതിയ വിഷയങ്ങളെയോ പ്രവണതകളെയോ സംബന്ധിച്ച്, അവയൊക്കെ നിസ്സാരമാണെന്നൊരു ഉപേക്ഷയോ, അതിനൊന്നും അദ്ധ്വാനിക്കാൻ വയ്യെന്നൊരു പിൻമടക്കമോ അദ്ദേഹത്തിനില്ല. പഠിക്കാൻ ശ്രമിക്കും. സ്വീകരിക്കാവുന്നിടത്തോളം ഉൾക്കൊള്ളും. ഗവേഷണത്തിനു തെരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ വൈവിധ്യത്തിൽ ഈ മനോഭാവത്തിന്റെ അടയാളമുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചികൾക്കും അഭിപ്രായങ്ങൾക്കും കൊടുക്കുന്ന പ്രാധാന്യം എടുത്തു പറയേണ്ട മറ്റൊരു സവിശേഷതയാണ്. അധ്യാപനത്തിലുള്ള താത്പര്യവും അധ്യാപനം സംവാദാത്മകമാക്കാനുള്ള ശ്രദ്ധയും ഈ സ്വഭാവത്തോട് ഇണങ്ങിപ്പോകുന്നു. അങ്ങനെ, വിജ്ഞാനത്തിന്റെയോ വീക്ഷണത്തിന്റെയോ ഏതെങ്കിലും ഘട്ടങ്ങളിൽ യാഥാസ്ഥിതികമായി ഉറച്ചുപോകാതെ നിരന്തരം പുതുക്കാനുള്ള സന്നദ്ധത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ കാണാം.

എഴുത്തിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടെന്തായിരിക്കും? സ്വതന്ത്രഗ്രന്ഥങ്ങൾ കാര്യമായി എഴുതിയിട്ടില്ല. പ്രസിദ്ധീകരണങ്ങളിലും സമാഹാരങ്ങളിലും ചേർത്ത പ്രബന്ധങ്ങളും ഗ്രന്ഥങ്ങളുടെ ആമുഖ-അനുബന്ധപഠനങ്ങളുമാണ് മുഖ്യം. സ്വകാര്യമായി ഒറ്റയ്ക്കു

പടുത്തുയർത്തുന്ന പൂർണശില്പം എന്ന നിലയിലല്ല രചനയെ അദ്ദേഹം കാണുന്നതെന്നു തോന്നുന്നു. മറ്റുള്ളവരുടെ രചനകളെ ആദരിച്ചുകൊണ്ടുതന്നെ അവയെ (സ്വന്തം രചനകളെയും) പണിതീർന്ന അവസാനവാക്കുകളായി കണക്കാക്കാതെ പുതിയ അറിവുകളും അറിവുപാധികളുംകൊണ്ട് അവയുമായി സംവാദാത്മകബന്ധം സ്ഥാപിക്കാനുള്ള ശ്രമമായിട്ടാണ് അദ്ദേഹം രചനയെ കാണുന്നതെന്നുതോന്നുന്നു. ഗുണ്ടർട്ടു ഗ്രന്ഥങ്ങളുടെയും മറ്റും ആമുഖങ്ങളും *ചർച്ചയും പൂരണവും* ഇക്കാര്യം തെളിയിക്കും. പലരുടെ പ്രബന്ധങ്ങൾ എഡിറ്റുചെയ്ത് അവതരിപ്പിക്കുന്നതിലും ഈ സമീപനം അടങ്ങിയിട്ടുണ്ടാകും. ചർച്ചകളിലും സംവാദങ്ങളിലും മുതിർന്നവരുടെയും യുവാക്ക ളുടെയും സ്വരം കേൾക്കാനുള്ള ശ്രദ്ധയും ഈ മനോഭാവത്തിൽ നിന്ന് ഉണ്ടാകുന്നതാവും. വേറിട്ടൊരു മേഖലയായല്ലാതെ മറ്റുപ്രവർത്തനങ്ങളുടെ ഭാഗമായി രചനയെ കാണുന്നതുകൊണ്ടാവും ഇങ്ങനെ.

സാധാരണ മലയാളം അധ്യാപകരിൽനിന്നു വ്യത്യസ്തമായി ധാരാളം വിദേശീയ പണ്ഡിതരുമായി സഹകരിച്ചുപ്രവർത്തിക്കുകയും ഗവേഷ ണപദ്ധതികൾ ഏറ്റെടുത്തു പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് ഇദ്ദേഹം. മലയാളപഠനത്തിന്റെയും ജീവിതവീക്ഷണത്തിന്റെയും ചക്രവാളങ്ങൾ വികസിപ്പിക്കാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്. മലയാളപഠനത്തെ സംബന്ധിച്ച് ഇതു വിധ്യാത്മകമായ ഒരു സ്വാധീനമാണ്.

ഒറ്റയ്ക്കിരുന്നുള്ള ആസ്വാദനത്തേക്കാൾ അദ്ദേഹത്തിനു പ്രധാനം ഒന്നിച്ചിരുന്നുള്ള അപഗ്രഥനവും വിശകലനവും സംവാദവുമാണെന്നു വന്നേക്കാം. രചനകളിൽ അങ്ങനെയൊരു സമീപനമാണുള്ളത്. അദ്ദേഹത്തിന്റെ ഇതരപ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിച്ചുപോകുന്നതാണു താനും അത്.

വ്യക്തിപരിചയം

തുറന്നു ചിരിച്ചുകൊണ്ട്, "എന്നാ?" എന്ന് മധ്യതിരുവിതാംകൂർ ശൈലിയിൽ സൗഹൃദം പരത്തി ക്കൊണ്ട് നമ്മുടെ നേരേവരുന്ന സ്കറിയാ സക്കറിയ ഒരു കുട്ടനാടൻ കാർഷികകുടുംബത്തിലാണ് ജനിച്ചത്. 1947 മെയ് 15-ാം തീയതി. തകഴി പഞ്ചായത്തിൽ ചെക്കിടിക്കാടുകരയിൽ കരിക്കമ്പള്ളി കുടുംബത്തിൽ. ക്ലാരമ്മയും കറിയാച്ചനും മാതാപിതാക്കൾ. ഫിസിക്സിൽ ബി. എസ്സി, മലയാള ത്തിൽ എം. എ. (1969), ഭാഷാശാസ്ത്രത്തിൽ പിഎച്ച്. ഡി., ചങ്ങനാശ്ശേരി എസ്. ബി. കോളേജിലും (1969-1994) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലയിലും (1994-2007) മലയാളം അധ്യാപകനായി ഔദ്യോഗികജീവിതം.

1972 നവംബർ 19 നു വിവാഹിതനായി. ഭാര്യ ചേർപ്പുങ്കൽ കലേക്കാട്ടിൽ കുടുംബാംഗം മേരിക്കുട്ടി. സിൻഡിക്കേറ്റ് ബാങ്കിൽ ഉദ്യോഗസ്ഥയായിരുന്നു. മകൾ സുമ - കേരളത്തിലെ കേന്ദ്രസർവ്വകലാശാലയിൽ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. ഭർത്താവ് വി.ജെ. വർഗ്ഗീസ് തിരുവനന്തപുരത്ത് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ അസിസ്റ്റന്റ്

പ്രൊഫസറാണ്. മകൻ അരുൾ ജർമ്മനിയിലെ മ്യൂണിച്ചിലുള്ള മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്നോവേഷൻ ആന്റ് കോംപറ്റീഷനിൽ റിസർച്ച് ഫെലോയാണ്. ഭാര്യ സാന്റിചെറിയാൻ ജർമ്മൻ സ്പേസ് റിസർച്ച് സെന്ററിൽ റിസർച്ച് ഫെലോ.

ജീവിതാഹ്ലാദത്തെ മൂല്യമായി സ്വീകരിച്ച്, ആനന്ദങ്ങളിൽ നിന്നു സംശയിച്ചു പിൻമടങ്ങാതെ, സൗഹൃദങ്ങളിൽ സന്തോഷിച്ച്, കൃത്യനിഷ്ഠ കൈവെടിയാതെയുള്ള ജീവിതം ഡോ. സ്കറിയാ സക്കറിയുടെ വ്യക്തിത്വം നിർണയിക്കുന്നതിൽ പ്രധാനമാണ്.